**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2038** **03-03-2025 - ൽ മറുപടിയ്ക്ക്**

**പോക്സോ കേസുകൾ സംബന്ധിച്ച് കുട്ടികളിലും രക്ഷിതാക്കളിലും അവബോധം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പോക്സോ കേസുകൾ സംബന്ധിച്ച് കുട്ടികളിലും രക്ഷിതാക്കളിലും അവബോധം സൃഷ്ടിക്കുന്നതിനായി സർക്കാർ നടത്തിവരുന്ന വിവിധങ്ങളായ ഇടപെടലിന്റെ ഉൾപ്പെടെ ഫലമായി പോക്സോ കേസുകൾ പുറംലോകം അറിയുന്നതിനും കൂടുതൽ കേസുകൾ രജിസ്റ്റർ ചെയ്യുന്നതിനും ഇടയായിട്ടുണ്ടോ; | (എ) | ഉണ്ട്.<br><br>കുട്ടികൾക്ക് സ്കൂൾതലം മുതൽ കൗൺസിലിംഗ് നൽകിയും, ലൈംഗികാതിക്രമങ്ങളുടെ ലക്ഷണങ്ങളെക്കുറിച്ചും തുറന്ന ആശയവിനിമയത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും മാതാപിതാക്കളെ ബോധവൽക്കരിച്ചും പോക്സോ നിയമത്തെക്കുറിച്ചും ലൈംഗികാതിക്രമങ്ങളെക്കുറിച്ചും അവയുടെ ശിക്ഷകളെക്കുറിച്ചും സമൂഹത്തെ ബോധവൽക്കരിച്ചും പോക്സോ കുറ്റകൃത്യങ്ങൾ തിരിച്ചറിയുന്നതിനും അതുവഴി കൂടുതൽ പോക്സോ കേസുകൾ രജിസ്റ്റർ ചെയ്യുന്നതിനും സാധിക്കുന്നുണ്ട്. |
| (ബി) | പോക്സോ കേസുകളിലെ വിചാരണ നീണ്ടുപോകുന്നത് കുട്ടികൾക്കും രക്ഷിതാക്കൾക്കും മാനസിക വെല്ലുവിളിയുണ്ടാക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കേസുകൾ അതിവേഗം വിചാരണ നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?; | (ബി) | ഇത്തരം പരാതി ശ്രദ്ധയിൽപെട്ടിട്ടില്ല. പോക്സോ കേസുകൾ അതിവേഗം വിചാരണ ചെയ്യുന്നതിനായി എല്ലാ ജില്ലകളിലും ഫാസ്റ്റ് ട്രാക്ക് കോടതികൾ സർക്കാർ രൂപീകരിക്കുകയും അതിലൂടെ പോക്സോ കേസുകളുടെ വിചാരണ യഥാസമയം പൂർത്തീകരിക്കുകയും ചെയ്യുന്നുണ്ട്. |
| (സി) | പോലീസ് നടപ്പിലാക്കി വരുന്ന 'ചിരി' പദ്ധതി മാനസിക സംഘർഷം അനുഭവിക്കുന്ന കുട്ടികൾക്ക് ഒരു സഹായഹസ്തമായി മാറിയിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (സി) | ഉണ്ട്. തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന CHILDREN AND POLICE (CAP) HOUSE ന്റെ കീഴിലാണ് 'ചിരി' (Children's Happiness Innocence and Rejoicing Initiative) എന്ന ഹെൽപ്ഡെസ്ക് പ്രവർത്തിക്കുന്നത്. പദ്ധതി മാനസിക സംഘർഷം അനുഭവിക്കുന്ന കുട്ടികൾക്ക് ഒരു സഹായഹസ്തമായി മാറി, കുട്ടികൾക്കു സുരക്ഷിതമായ അന്തരീക്ഷം സൃഷ്ടിക്കാൻ സഹായിക്കുന്നതിനുള്ള മാർഗ്ഗനിർദേശങ്ങൾ നൽകുന്നു. |
| (ഡി) | സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും സ്റ്റുഡന്റ് പോലീസുമായി ചേർന്ന് സൈബർ സെക്യൂരിറ്റി | (ഡി) | ഉണ്ട്. സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും സ്റ്റുഡന്റ് പോലീസുമായി ചേർന്ന് സൈബർ സെക്യൂരിറ്റി |

| | | | |
|---|---|---|---|
| | ക്ലാസ്സുകൾ രൂപീകരിച്ചിട്ടുണ്ടോ; | | ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. |
| (ഇ) | സൈബർ കുറ്റകൃത്യങ്ങളെ സംബന്ധിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി കേരള പോലീസ് ബച്പൻ ബചാവോ ആന്തോളൻ സംഘടനയുമായി ചേർന്ന് 'കൂട്ട്' എന്ന പേരിൽ സമഗ്ര ബോധവത്കരണ പദ്ധതി നടപ്പിലാക്കുന്നുണ്ടോ? | (ഇ) | ഉണ്ട്. സമൂഹത്തിൽ വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ, ഓൺലൈൻ പ്ലാറ്റ്ഫോം വഴിയുള്ള ലൈംഗിക പീഡനങ്ങൾ എന്നിവയെക്കുറിച്ച് കുട്ടികളെ ബോധവൽക്കരിക്കുന്നതിനും കുറ്റകൃത്യങ്ങളിൽ പെട്ടുപോയവരെ ഉപദേശിച്ച് മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും നിയമ സഹായം നൽകുന്നതിനും മനോധൈര്യം നൽകുന്നതിനും "ബച്പൻ ബചാവോ ആന്ദോളനു" മായി സഹകരിച്ച് കേരളാ പോലീസ് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് "കൂട്ട്". |

സെക്ഷൻ ഓഫീസർ